


# മിന്നിയുടെ മോഹം

ജോസ് ഗോതുരുത്ത്

പാറിനടന്നൊരു മിന്നിക്കുരുവിക്ക്
കൂട് ചമയ്ക്കുവാൻ മോഹമായി
പൂമരക്കൊമ്പൊന്നു കണ്ടെത്തുവാനവൾ
പൂതിപൂണ്ടെങ്ങും തിരച്ചിലായി.

പാറി പറക്കവേ, മിന്നിക്കുരുവിക്ക്
പുന്നമരക്കൊമ്പതിഷ്ടമായി
മിന്നിക്കുരുവി തന്നുള്ളത്തിലന്നേരം
മിന്നുന്ന കൂടിന്റെ രൂപമായി

നാരുകൾ വേരുകൾ പഞ്ഞിയും കൊണ്ടവൾ
നാളുകൾ പോകവെ കൂടുവെച്ചു.
കൂട്ടിലിരിക്കവെയുള്ളിൽ നുരഞ്ഞിടും
മോഹങ്ങളെല്ലാ മടക്കിവെച്ചു

പുന്നമരത്തിന്റെ ചില്ലകൾ പൂക്കവെ
മിന്നിതന്നുള്ളവും പൂത്തുലഞ്ഞു.
പുന്നാരക്കൂട്ടിലെ മുട്ടകൾ മൂന്നെണ്ണം
മിന്നിതൻ നെഞ്ചോടു ചേർത്തുവെച്ചു.

നാളുകൾ നീങ്ങവെ, കൂട്ടിലൊരുദിനം
നേരിയ ഒച്ചകൾ പിച്ചവെച്ചു.
കൂട്ടിലിരുന്നവൾ കോരിത്തരിച്ചിട്ടു
സ്നേഹനിലാവിന്റെ പാട്ടുമൂളി!!

✦